"ഉപഭോഗത്തെക്കുറിച്ച് ഒരു പഴഞ്ചൻ കാഴ്ചപ്പാടിലേക്ക് നമ്മൾ തിരിച്ചു പോകേണ്ടിയിരിക്കുന്നു. നിങ്ങൾ കൺസ്യൂം ചെയ്തില്ലെങ്കിൽ ഇക്കണോമി തകർന്ന് വീഴുമെന്നാണ് ഇന്നത്തെ സാഹചര്യം. എന്നാൽ ഇപ്പോഴത്തെ നിരക്കിൽ ഉപഭോഗം തുടർന്നുകൊണ്ടുപോയാലോ പരിസ്ഥിതി തരിപ്പണമാവുകയും ചെയ്യും. തീവ്രമായി ആലോചിച്ച് തീരുമാനമെടുക്കാൻ പറ്റിയ സമയമാണിത്. പക്ഷേ മനുഷ്യരാശിക്ക് അതിന് കഴിയുമോ എന്ന് ഉറപ്പില്ല. കാരണം സമൂഹത്തെ മുഴുനും പിഴുതെറിയാൻതക്ക പ്രവൃത്തികൾ ചെയ്തതിന്റെ ഫലമായി ഒരു പാട് സമൂഹങ്ങൾ തകർന്നുവീണ സംഭവങ്ങൾ ചരിത്രത്തിൽ ഇഷ്ടംപോലെ കാണാം."

# രാഷ്ട്രീയം, സാഹിത്യം

അരുന്ധതി റോയി / ജി. സമ്പത്ത്

*നിങ്ങളുടെ രാഷ്ട്രീയത്തെ എങ്ങനെ തരം തിരിച്ചു കാണുന്നു?*

എന്റെ രാഷ്ട്രീയത്തിൽ ഒരു തരം തിരിവ് അനാവശ്യമാണ്. ഇതുവരെ ചർച്ചചെയ്തതുപോലുള്ള ചിന്തകളിൽ നിന്നു നമ്മൾ പുറത്തു കടക്കേണ്ടിയിരിക്കുന്നു. ദേശാടിസ്ഥാനത്തിലുള്ള ചിന്തകൾ ആദ്യം തന്നെ നിർത്തുക. പിന്നെ ഇടതുവലതു ചിന്താഗതികൾ അവസാനിപ്പിയ്ക്കുക. കാരണം ഇടത് ലോകത്തിലെ ഏറ്റവും വലിയ മുതലാളിത്ത രാഷ്ട്രം കമ്മ്യൂണിസ്റ്റ് ചൈനയാണ്. അതുകൊണ്ട് ഈ വക ചിന്താധാരകളെല്ലാം ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ തകിടം മറിയുകയാണ് ചെയ്യുന്നത്. പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് വ്യത്യസ്ഥമായ ഒരു കാഴ്ചപ്പാട് ആവശ്യമാണെന്ന് ഇപ്പോൾ എനിയ്ക്ക് തോന്നുകയാണ്. ഒരു കാര്യം ഞാനുറപ്പിച്ചു പറയട്ടെ ഇവിടെയുള്ള എല്ലാ തിന്മകൾക്കും ബദലായി തകർക്കപ്പെട്ട തമസ്കൃതമായ നിരവധി യഥാർത്ഥ നന്മകൾ ഉണ്ട്. ഉദാഹരണത്തിന് ഭൂമിയിൽ ലളിതമായി ജീവിക്കുന്നതിന്റെ രഹസ്യമറിയാവുന്ന മനുഷ്യർ ഇപ്പോഴുമുണ്ട്, അവർക്കറിയാം ഒരു ഉപഭാക്തൃ സമൂഹത്തെ വെല്ലുവിളിയ്ക്കുമ്പോൾ നിങ്ങൾ ചെറിയ സന്തോഷത്തെടെയോ, അല്പം സംതൃപ്തിയോടെയോ ജീവിയ്ക്കുന്നതുപോലെയല്ല അതെന്ന്. മറ്റു രാജ്യങ്ങളിൽ ഇതെല്ലാം നഷ്ടപ്പെട്ടുപോയിരുന്നു. നോക്കൂ. ഇപ്പോഴും ഇതൊക്കെ ഇവിടെയുള്ളതുകൊണ്ടാണ് തീവ്രമായി ചിന്തിക്കാൻ ഒരാൾക്ക് കഴിയുന്നത്. എന്തിനെയോ സംരക്ഷിക്കാനായി നിങ്ങൾ പൊരുതുകയാണ്. അടിസ്ഥാനപരമായി അങ്ങനെയാണ് ഞാൻ. അങ്ങനെ പൊരുതവെ ഏറെ സുഭരിതനുമാണ്. കാരണം നമ്മുടെ പക്കൽ അല്പമെങ്കിലും ശേഷിയ്ക്കുന്ന് ഭാവിയിലെ ചിന്താഗതിയ്ക്കുള്ള കുഞ്ഞുപിള്ളകളെപ്പോലും ഈ രാക്ഷസ ശകടം ഞെരിച്ചമർത്തുകയാണ് എന്നതുതന്നെ.

*താങ്കളുടെ പുതിയ പുരസ്കാരമായ "ലിസനങ് ടു ഗ്രാസ്സ് ഹോപ്പേഴ്സ്" നെക്കുറിച്ചുള്ള നിരൂപണം ഫിനാൻഷ്യൽ ടൈംസിൽ വന്നിട്ടുണ്ട്. അതിൽ പറയുന്നു "അവരുടെ തീവ്രവാദ വീക്ഷണങ്ങളാണ് ഏറ്റവും അപകടകരം. ഇത് വരും കാലങ്ങളിൽ ഇന്ത്യയുടെ സാമൂഹ്യനീതിയ്ക്കായുള്ള സമരത്തിൽ ഏറ്റവും അത്യാവശ്യമായവരെ അതിൽ നിന്നും പിന്തിരിപ്പിച്ചേക്കും" താങ്കൾക്കെതിരെയുള്ള സ്ഥിരം വിമർശനമാണിത്. പലരും പറയുന്നത് സംഗതികൾ ആത്മാർത്ഥമായി പ്രകടിപ്പിക്കുന്നതിനുപകരം അന്ധമായി കടന്നാക്രമിച്ച് എങ്ങിനെയാണോ നിങ്ങൾ പിന്താങ്ങുന്നത്. അവയെല്ലാം അതുവഴി ഇല്ലാതാകുന്നു എന്നാണ്.*

നിങ്ങൾ നീറുന്ന ചില പ്രശ്നങ്ങളെച്ചൊല്ലി വിമർശനമധ്യത്തിലാകുമ്പോൾ എല്ലാവരും കൈയടിച്ചു പ്രോത്സാഹിപ്പിച്ച് "ഹാ മകളെ നീ ചെയ്തത് എത്ര നന്നായി" എന്നു പറയുമെന്ന് പ്രതീക്ഷിയ്ക്കരുത്. താങ്കൾ പറഞ്ഞ തരത്തിൽ അഭിപ്രായമുള്ള ആളുകെളെല്ലാം ഒരു പ്രത്യേക ഗണത്തിൽപ്പെടുന്നവരാണ്. പക്ഷെ പ്രസിദ്ധീകരണങ്ങളിൽ അഭിപ്രായ വോട്ടെടുപ്പുകളിൽ ഇടപെടാതെ മില്ല്യൺ കണക്കിന് ജനങ്ങൾക്ക് തീർത്തും വ്യത്യസ്ഥമായ അഭിപ്രായമാണുള്ളത്. മേൽപറഞ്ഞവരോട് അകലം പാലിക്കേണ്ടിവരും. ഈ സമയം എല്ലാക്കൂട്ടരേയും ഒപ്പം നിർത്തുകയും വേണമെന്നും ഏതെഴുതരുതെന്നും തീർച്ചയായും ചിലർക്ക് അവരുടേതായ അഭിപ്രായങ്ങളുണ്ടായിരിക്കാം.

എല്ലാവരേയും സന്തോഷിപ്പിക്കാൻ എനിയ്ക്കാകില്ല.

നിഷ്പക്ഷമതികളായ ആളുകളുമായും ഞാൻ കുറച്ചുകൂടി മൃദുസമീപനമെടുക്കണമെന്ന് ആഗ്രഹിയ്ക്കുന്നവരുമായി എനിയ്ക്ക് യാതൊരു പ്രശ്നവുമില്ല. പക്ഷെ ഞാൻ അങ്ങനെയല്ല. സത്യത്തിൽ ഏതു ഭീകരക്ഷോഭത്തേയും ലഘൂകരിച്ചതിനുശേഷം മാത്രം വരുന്നതാണ് എനിയ്ക്ക് എഴുത്ത്. ദന്തവാതെ പോലുള്ള ഒരു സ്ഥലത്തേക്ക് നിങ്ങൾ ഇപ്പോൾ പോവുകയാണെങ്കിൽ എനിയ്ക്കുപോലും ഞാനൊരു മിതവാദിയായെ അനുഭവപ്പെടൂ. അതുകൊണ്ട് പോപ്പുലാരിറ്റിക്കുവേണ്ടി ഞാനൊന്നും ചെയ്യുന്നില്ല. പക്ഷേ ഒരെഴുത്തുക്കാരി എന്ന നിലയിൽ എന്റെ പുസ്തകം ആരൊക്കെ അത് അകറ്റിക്കളയുന്നു എന്നും മുപ്പതിനായിരത്തോളം പേർ തിങ്ങികൂടിയ സ്ഥലങ്ങളിൽ ഞാൻ പ്രസംഗിച്ചിട്ടുണ്ട്. ഞാനെന്താണ് ചെയ്യുന്നതെന്ന് എനിയ്ക്കറിയാം വിമർശനങ്ങൾകൊണ്ടും ഞാൻ സംതൃപ്തയാണ്. കാരണം ഫിനാൻഷ്യൽ ടൈംസും ഇക്കണോമിസ്റ്റുമൊക്കെ പലരും പറയുന്ന എതിർപക്ഷത്തിന്റെ സിരാ കേന്ദ്രങ്ങളാണ്. അപ്പോൾ തീർച്ചയായും ഒരു കോൺഫ്ളിക്റ്റ് ഉണ്ടാകും. ഒരു തെറ്റും ചെയ്യാത്തയാളാണ് ഞാനെന്ന് ഒരിയ്ക്കലും പറയുന്നില്ല. പക്ഷെ എന്താണ് ഞാൻ പറയുന്നതെന്നും എങ്ങിനെ ഞാൻ അതു പറയുന്നതെന്നും എനിയ്ക്ക് നന്നായിട്ടറിയാമെന്നു മാത്രം ഇവിടെ പറയട്ടെ! അതേക്കുറിച്ചെല്ലാം ഞാൻ വീണ്ടും വീണ്ടും ആലോചിച്ചുകൊണ്ടെയിരിക്കുകയും ചെയ്യും.

*താങ്കളുടെ രാഷ്ട്രീയസ്വഭാവം വിവരിച്ചതുപ്രകാരം എന്നതുകൊണ്ടാണ് ഭീമൻ കുത്തകയായ പ്രസിദ്ധീകരണ കമ്പനിയെ വിട്ട് ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നതുപോലുള്ള ചെറിയ കമ്പനികളെ കൂട്ടുപിടിക്കുന്നത്?*

ശരിയാണ് എനിയ്ക്ക് ഈ ഉപന്യാസങ്ങളെത്രയും എഴുതി ഫോട്ടോകോപ്പികളെടുത്ത് സ്റ്റേഷനു പുറത്തുനിന്ന് വിതരം ചെയ്യാവുന്നതേയുള്ളു. വളരെ സംശുദ്ധമായി നിൽക്കാൻ നിങ്ങളെ അനുവദിയ്ക്കുന്നില്ല. രാഷ്ട്രമീമാംസയെക്കുറിച്ചാണെങ്കിൽപ്പോലും നിങ്ങളൊരു പുസ്തകമിറക്കുമ്പോൾ അതിന് കിട്ടുന്ന റോയൽറ്റി മേടിച്ച് ബാങ്കിലിടുന്നു. നിങ്ങളതു ചെയ്തില്ലെങ്കിൽ ബാങ്ക് ആ പണം സ്റ്റോക് മാർക്കറ്റിൽ നിക്ഷേപിക്കുന്നു. അപ്പോൾ ആർക്കും പരിശുദ്ധനായി മാറി നിൽക്കാനാകുന്നില്ല. സത്യത്തിൽ മാറി നിൽക്കാൻ നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ നിങ്ങളുടേതായ നിർമ്മിതിയിൽ നിങ്ങൾക്കു ജീവിയ്ക്കേണ്ടിവരും. നില്ക്കാനാഗ്രഹിച്ച് ജീവിച്ച് കാലക്രമേണ നിങ്ങൾ കേവലം നിഷ്ഫലനായിത്തീരുന്നു. മറ്റു പലരേയും പോലെ, ചില വിപരീതങ്ങളിൽ ജീവിയ്ക്കാനാണെനിയിക്കിഷ്ടം.




*നിങ്ങളുടെ പുസ്തകത്തിൽ വംശഹത്യയും പുരോഗതിയും തമ്മിലുള്ള ജൈവബന്ധത്തെക്കുറിച്ച് പറയുന്നുണ്ട്. യാതൊരു ഹിംസയും ആവശ്യപ്പെടാത്ത തരത്തിലുള്ള പുരോഗതി എന്നുണ്ടോ?*

ഇന്ന് പുരോഗതി എന്ന വാക്കുതന്നെ വിവക്ഷിക്കപ്പെടുന്നത് അതിന്റെ പാശ്ചാത്യമായ അർത്ഥത്തിലാണ്. തികച്ചും വ്യവസായവൽക്കരിക്കപ്പെട്ട സമൂഹത്തെപ്പറ്റിയാണ്. ഇപ്പോൾ കാലാവസ്ഥാവ്യതിയാനത്തെതുടർന്ന് തീർച്ചയായും മറ്റൊരു തരത്തിലുള്ള വികസനത്തെ വിഭാവനം ചെയ്യാനാകുന്നില്ല. ഭൂമിയിൽ നിങ്ങളുടെ കാലടയാളം തീർത്തും മൃദുവാകുന്നതരത്തിലുള്ള ഒരു വികസന കാഴ്ചപ്പാട് വളരെ അകലെയാണ്. ഉപഭോഗത്തെക്കുറിച്ച് ഒരു പഴഞ്ചൻ കാഴ്ചപ്പാടിലേക്ക് നമ്മൾ തിരിച്ചു പോകേണ്ടിയിരിക്കുന്നു. നിങ്ങൾ കൺസ്യൂം ചെയ്തില്ലെങ്കിൽ ഇക്കണോമി തകർന്ന് വീഴുമെന്നാണ് ഇന്നത്തെ സാഹചര്യം. എന്നാൽ ഇപ്പോഴത്തെ നിരക്കിൽ ഉപഭോഗം തുടർന്നുകൊണ്ടുപോയാലോ പരിസ്ഥിതി തരിപ്പണമാവുകയും ചെയ്യും. അപ്പോൾ ഒരർത്ഥത്തിൽ തീവ്രമായി ആലോചിച്ച് തീരുമാനമെടുക്കാൻ പറ്റിയ സമയമാണിത്. പക്ഷേ മനുഷ്യരാശിക്ക് അതിന് കഴിയുമോ എന്ന് ഉറപ്പില്ല. കാരണം സമൂഹത്തെ മുഴുവനും പിഴുതെറിയാൻതക്ക പ്രവൃത്തികൾ ചെയ്തതിന്റെ ഫലമായി ഒരു പാട് സമൂഹങ്ങൾ തകർന്നു വീണ സംഭവങ്ങൾ ചരിത്രത്തിൽ ഇഷ്ടംപോലെ കാണാം.

*(തുടരും)*

*പരിഭാഷ : കെ.ആർ. അജിതൻ*

പ്രിയ കേരളീയം
വായനക്കാരാ/രി,

**വരിസംഖ്യ**
**240/- രൂപ**

*അയച്ചുതന്ന് സഹകരിക്കുമല്ലോ.*
*കൂടാതെ*
**സംഭാവന, അറിയിപ്പുകൾ, വാർത്തകൾ, വിശകലനങ്ങൾ**
*തുടങ്ങിയവയും അയച്ചുതരുമല്ലോ.*

കേരളീയം
കൊക്കാലെ, തൃശൂർ–21.
ഫോൺ :
**9446576943, 9446586943, 0487-2421385**